## സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരുടെ നിയമനം

**101 (3012)** ശ്രീ. എസ്. രാജേന്ദ്രൻ :താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സ്കൂളുകളിൽ സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരെ നിയമിക്കുന്നതിനായി കഴിഞ്ഞ മൂന്ന് വർഷത്തിനുള്ളിൽ കേന്ദ്ര സർക്കാരിൽനിന്നും എസ്.എസ്.എ.വഴി എത്ര രൂപ ലഭിച്ചു എന്ന് വ്യക്തമാക്കാമോ ;

(ബി) ഇക്കാലയളവിൽ സംസ്ഥാനത്ത് എത്ര സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരെ നിയമിച്ചു എന്ന് വ്യക്തമാക്കാമോ ;

(സി) അദ്ധ്യാപകർക്ക് ശമ്പളം നൽകിയ വകയിൽ ഈ ഫണ്ടിൽനിന്നും എന്ത് തുകയാണ് ചെലവഴിച്ചത്;

(ഡി) ഫണ്ട് ചെലവഴിച്ചതിന്റെ വിശദാംശം നൽകാമോ ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

## പൊതുവിദ്യാഭ്യാസ പാഠ്യപദ്ധതിയും നിലവാരവും

**102(3013)** ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. ജോസഫ് വാഴയ്ക്കൻ :
ശ്രീ. ആർ. സെൽവരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുവിദ്യാഭ്യാസ പാഠ്യപദ്ധതി പരിഷ്കരിക്കാനുദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കുമോ ;

(ബി) പാഠപുസ്തകങ്ങൾ ഏത് അദ്ധ്യയന വർഷം മുതൽ പുതുക്കാനാണ് തീരുമാനിച്ചിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം ;



LIBRARY ARCHIVES Kerala Legislative Assembly

(സി) പൊതുവിദ്യാഭ്യാസത്തിന്റെ നിലവാരമുയർത്താൻ എന്തെല്ലാം നിർദ്ദേശങ്ങളാണ് പാഠ്യപദ്ധതി പരിഷ്കരണത്തിൽ ഉൾപ്പെടുത്താനുദ്ദേശിക്കുന്നത്; വിശദമാക്കുമോ ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ) വിദ്യാഭ്യാസ അവകാശനിയമം നടപ്പിലാക്കുന്നതിന്റെ ഭാഗമായി എല്ലാ കുട്ടികൾക്കും ഗുണനിലവാരമുള്ള വിദ്യാഭ്യാസം ഉറപ്പാക്കുന്നതിനായി കേരള സ്കൂൾ പാഠ്യപദ്ധതി 2013 അനുസരിച്ച് ഘട്ടം ഘട്ടമായി പരിഷ്കരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. അതിന്റെ വെളിച്ചത്തിൽ 1,3,5,7,11 ക്ലാസ്സുകളിലെ പാഠ്യപദ്ധതിയും പാഠപുസ്തകവും 2014-15 അദ്ധ്യയന വർഷം പരിഷ്കരിച്ച് നടപ്പിലാക്കി.

(ബി) 1,3,5,7,11 ക്ലാസുകളിലെ പാഠ്യപദ്ധതിയും പാഠപുസ്തകവും 2014-15 അദ്ധ്യയന വർഷം പരിഷ്കരിച്ച് നടപ്പിലാക്കി. 2,4,6,8,12 ക്ലാസ്സുകളിലെ പാഠ്യപദ്ധതിയും പാഠപുസ്തകങ്ങും 2015-16 അക്കാദമിക് വർഷം പരിഷ്കരിച്ച് നടപ്പിലാക്കുന്നതാണ്. 9,10 ക്ലാസ്സുകളിലെ പാഠ്യപദ്ധതിയും പാഠപുസ്തകങ്ങളും 2016-17 അദ്ധ്യയന വർഷം പരിഷ്കരിച്ച് നടപ്പിലാക്കാൻ കേരള സ്കൂൾ സ്റ്റിയറിംഗ് കരിക്കുലം കമ്മിറ്റി തീരുമാനിച്ചിട്ടുണ്ട്.

(സി) പ്രവർത്തനാധിഷ്ഠിതവും പ്രക്രിയാബന്ധിതവും പഠിതാവ് കേന്ദ്രീകൃതവുമായ പാഠ്യപദ്ധതി രൂപപ്പെടുത്തുകയും പഠനനേട്ടങ്ങൾക്ക് ഊന്നൽ നൽകുന്ന തരത്തിൽ പാഠ്യപദ്ധതിയും പാഠപുസ്തകങ്ങളും നടപ്പിലാക്കുകയും ചെയ്യുന്നുണ്ട്. പഠനം എല്ലാ കുട്ടികളിലും ഉറപ്പിക്കുക എന്ന ലക്ഷ്യത്തോടെ പാഠ്യപദ്ധതി രൂപപ്പെടുത്തിയപ്പോൾ എല്ലാഘട്ടങ്ങളിലും എല്ലാ ക്ലാസ്സുകളിലും കുട്ടി കൈവരിക്കേണ്ട പഠന നേട്ടങ്ങൾ പാഠ്യപദ്ധതിയിൽ പ്രാധാന്യം നൽകി ഉൾപ്പെടുത്തിയിട്ടുണ്ട്.

(ഡി) ഇത് വിലയിരുത്തുന്നതിനായി അതിനുതകുന്ന രീതിയിലുള്ള ടൂളുകളും വികസിപ്പിച്ച് നടപ്പിലാക്കി വരികയാണ്. കൂടാതെ അദ്ധ്യാപകർക്ക് സമഗ്രമായ പരിശീലനം ഇതിനെ അടിസ്ഥാനപ്പെടുത്തി നൽകുകയും ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly